# നല്ല നേതാക്കന്മാരെ വളരെ ആവശ്യമുണ്ട്

**സാക് പുന്നൻ**

WFTW Malayalam 15 April 2012

www.jeevamozhikal.org

**ദൈ**വജനത്തിന്റെ അവസ്ഥ നല്ല നേതാക്കന്മാരെ ആശ്രയിച്ചിരിക്കും. ക്രൈസ്തവലോകത്ത് ഇന്നുള്ള പല നേതാക്കന്മാരും ദൈവത്തെ വ്യക്തിപരമായി അറിയാത്തവരും ഒത്തുതീർപ്പുകാരുമായതിനാൽ ദൈവജനത്തെ ഇടുങ്ങിയതും നേരെയുള്ളതുമായ പാതയിലൂടെ നടത്തുവാൻ തക്കവണ്ണം ശക്തരല്ല. അവർ അഹരോനെപ്പോലെ ജനങ്ങളെ സന്തോഷിപ്പിച്ച് ജനപ്രീതിയാർജിക്കുവാൻ ശ്രമിക്കുന്നു. മോശെയും യോശുവയും ജനപ്രീതിയാർജിക്കുവാൻ ശ്രമിച്ചില്ല.

“യോശുവയുടെ കാലത്തൊക്കെയും, യോശുവയുടെ ശേഷം ഏറിയ നാൾ ജീവിച്ചിരുന്നവരായി യഹോവ യിസ്രായേലിനു വേണ്ടി ചെയ്ത മഹാപ്രവൃത്തികളൊക്കെയും കണ്ടിട്ടുള്ള മൂപ്പന്മാരുടെ കാലത്തൊക്കെയും ജനം യഹോവയെ സേവിച്ചു” (ന്യയ.2:7). എന്നാൽ യോശുവയും അവന്റെ കൂട്ടുമൂപ്പന്മാരും മരിച്ച ശേഷം അവർക്കു പകരം വയ്ക്കാൻ ദൈവഭയമുള്ള ആളുകൾ ഉണ്ടായില്ല. “പിന്നെ ആ തലമുറയൊക്കെയും തങ്ങളുടെ പിതാക്കന്മാരോടു ചേർന്നു. അവരുടെ ശേഷം യഹോവയെയും അവൻ യിസ്രയേലിനു വേണ്ടി ചെയ്തിട്ടുള്ള പ്രവൃത്തികളെയും അറിയാത്ത വേറൊരു തലമുറ ഉണ്ടായി” (ന്യായ.2:10). ദൈവത്തെ അറിയുന്ന ആരും ഉണ്ടായില്ല.

കഴിഞ്ഞ കുറെ വർഷങ്ങളായി പല ക്രിസ്തീയവിഭാഗങ്ങളുമായി ഇടപഴകിയിട്ടുള്ളതുകൊണ്ട് പറയട്ടെ. ഏലിയാവിനെപ്പോലെ “ഞാൻ ദൈവമായ കർത്താവിന്റെ മുമ്പിലാണ് നിൽക്കുന്നത്” എന്നു പറഞ്ഞ് ദൈവത്തെ അറിയുന്ന വളരെക്കുറച്ചു ക്രിസ്തീയനേതാക്കന്മാരെ മാത്രമേ ഞാൻ കണ്ടിട്ടുള്ളു. ക്രിസ്തീയവേലയിൽ ഇന്നുള്ള പലരും സുവിശേഷപ്രസംഗം തൊഴിലാക്കിയവരാണ്. അവർ വേദപുസ്തകം പഠിച്ച് ഒരു ബിരുദം എടുക്കുന്നു. പിന്നീട് ആരുടെയെങ്കിലും സഹായത്തോടെ “ദൈവത്തെ സേവിക്കുവാൻ” ഇറങ്ങിപ്പുറപ്പെടുന്നു.. കുറച്ചു ത്യാഗവും എരിവുമൊക്കെ അവരുടെ ജീവിതത്തിൽ കാണും. എന്നാൽ ഒരു വ്യക്തി ദൈവത്തെ അറിയുന്നില്ലെങ്കിൽ ത്യാഗം, എരിവ്, അറിവ് തുടങ്ങിയവ കൊണ്ട് ഒരു പ്രയോജനവുമില്ല. അവരുടെ പ്രവർത്തനം എണ്ണത്തിൽ വളരെ മികച്ചതായിരിക്കാം എന്നാൽ ഗുണത്തിൽ അവർ മികച്ചതാകണമെന്നില്ല. കാരണം അവർ ദൈവത്തെ അറിയുന്നില്ല. അവരുടെ സഭയിൽ വീണ്ടും ജനിച്ച വിശ്വാസികൾ ഉണ്ടെന്നു അവർ പറയും. എന്നാൽ ഈ വിശ്വാസികൾ ക്രിസ്തുവിന്റെ ശിഷ്യന്മാരാണോ? ജഡികരായ വിശ്വാസികളും ആത്മികരായ വിശ്വാസികളും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ജഡികരായവരുടെ ഒരു വലിയ സഭയെക്കാൾ ആത്മിയരായ വിശ്വാസികളുള്ള ഒരു ചെറിയ സഭയാണ് നല്ലതെന്ന് ഏതു ദൈവമനുഷ്യനും അറിയാം. 100 പൂജ്യം വാട്ട് ബൾബിനെക്കാൾ 1000 വാട്ടിന്റെ ഒരു ബൾബാണ് നല്ലത് എന്നു പറയുന്നതുപോലെയാണിത്.

നാം ലോകത്തിന്റെ വെളിച്ചമായിരിക്കണം. നമ്മുടെ വെളിച്ചത്തിന്റെ തീവ്രത നാം എന്തുമാത്രം ദൈവത്തെ അറിയുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണുള്ളത്. നേതാവ് ദൈവത്തെ അറിയുന്നില്ലെങ്കിൽ ജനങ്ങളും ദൈവത്തെ അറിയുകയില്ല. വേദപുസ്തകം പഠിച്ചിട്ട് സഭയിലെ അംഗങ്ങളെ അതു പഠിപ്പിക്കുവാൻ നിങ്ങൾക്കു കഴിയും. അത് ഒരു ക്ലാസ്സുമുറിയിൽ രസതന്ത്രം പഠിപ്പിക്കുന്നതു പോലെയാണ്. അത് ദൈവത്തെ അറിയുവാൻ അവരെ സഹായിക്കുന്നില്ല. വേദപുസ്തകപരിജ്ഞാനം കൊണ്ട് ആർക്കും ദൈവത്തെ അറിയുവാൻ കഴിയുകയില്ല. ശോധനകളിലൂടെയും പരീക്ഷകളിലൂടെയും കടന്നു പോകുമ്പോൾ മാത്രമേ നിങ്ങൾക്കു ദൈവത്തെ അറിയുവാൻ കഴിയൂ. അത്തരം ശോധനകളുടെ സമയത്ത് ദൈവത്തെ അറിയുവാൻ നിങ്ങൾ ഹൃദയപൂർവ്വം ആഗ്രഹിക്കണം. അങ്ങനെയാണ് നിങ്ങൾ ദൈവത്തെ അറിയുന്നത്. അല്ലാതെ ഒരു പ്രാർത്ഥനായോഗത്തിന് ഇരുന്നതുകൊണ്ടല്ല. തീർച്ചയായും നാം ദൈവവചനം അറിഞ്ഞിരിക്കണം. എന്നാൽ ദൈവവചനം അറിയുനനതിനപ്പുറം നാം ദൈത്തെ അറിഞ്ഞിരിക്കണം. “ദൈവത്തെ അറിയുന്ന ജനം ഉറച്ചു നിന്ന് വീര്യം പ്രവൃത്തിക്കും.”(ദാനി.11: 32). യിസ്രയേൽമക്കൾ ദൈവത്തെ അറിഞ്ഞില്ല. അതുകൊണ്ട് “അവർ യഹോവയ്ക്ക് അനിഷ്ടമായിട്ടുള്ളതു ചെയ്തു ബാൽവിഗ്രഹങ്ങളെ സേവിച്ചു”(ന്യായ.2:11). യോശുവയുടെ മരണ

ശേഷം അവരെ നയിക്കുവാൻ ദൈവഭയമുള്ള ഒരു നേതാവ് അവർക്കുണ്ടായില്ല എന്നതാണ് അതിനു കാരണം.

ഒരു സഭയോ ഒരു പ്രസ്ഥാനമോ തുടങ്ങുവാൻ ദൈവം ഉയർത്തിയ അനേകം പേരുടെ ഉദാഹരണങ്ങൾ കഴിഞ്ഞ 2000 വർഷത്തെ ക്രിസ്തീയ ചരിത്രത്തിലിണ്ട്. എന്നാൽ അവരുടെ കാലശേഷം ആ സഭയും പ്രസ്ഥാനവും മുമ്പുണ്ടായിരുന്ന സഭകൾ പോലെ അധഃപതിച്ചു. പുതിയ തലമുറയും അവരുടെ സ്ഥാപകൻ പറഞ്ഞ വേദശാസ്ത്രപ്രമാണങ്ങൾ തന്നെയായിരിക്കും പറയുന്നത്. എന്നാൽ അവർ അവരുടെ സ്ഥാപകനേതാവിനെപ്പോലെ വിശുദ്ധരായിരിക്കുകയില്ല. അവരിൽ പലരും അവുടെ സ്ഥാപകനേതാവിനുണ്ടായിരുന്ന അതേ 'പരിശുദ്ധാത്മസ്നാനം' ലഭിച്ചവരാണെന്നും അവകാശപ്പെടും. എന്നാൽ അവരുടെ ജീവിതത്തിലും ശുശ്രൂഷയിലും അതേ അഭിഷേകം കാണുന്നില്ല. എന്തോ കുറവുള്ളതായി കാണുന്നു. അപ്പോഴെല്ലാം വീണ്ടും തുടങ്ങുന്നതിനു ദൈത്തിനു മറ്റൊരാളെ ഉയർത്തേണ്ടതായി വരുന്നു.

പല രാജ്യങ്ങളിൽ പല തലമുറകളിൽ വിവിധ വ്യക്തികളെ എഴുന്നേൽപിച്ച് അവരിലൂടെയാണ് ദൈവം തന്റെ സഭയിൽ വലിയ വേല ചെയ്തിട്ടുള്ളത്. അങ്ങനെയുള്ള ആളുകളുടെ ചുറ്റും വലിപ്പത്തിനേക്കാൾ ഗുണത്തിനു പ്രാധാന്യം കൊടുക്കുന്ന ചിലരെ കൂട്ടിച്ചേർക്കുന്നു . അവർ ആ തലമുറയിൽ ദൈവത്തിന്റെ നല്ല സാക്ഷ്യമുള്ളവരായിരിക്കും. അങ്ങനെയുള്ള അനേകം പുരുഷന്മാരെയും സ്ത്രീകളെയും സഭയ്ക്ക് ആവശ്യമുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു.

മൊഴിമാറ്റം: സാജുജോസഫ്